ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ പിരിച്ചെടുക്കുന്ന തുക ഉപയോഗിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 12-2-2015-ന് രജിസ്റ്റർ ചെയ്ത മാസ്റ്റർ ട്രസ്റ്റിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ശബരി റെയിൽ പദ്ധതി

59(2047) ശ്രീ. സാജു പോൾ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരി റെയിൽ പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇന്നത്തെ സ്ഥിതിയിൽ ശബരി റെയിൽ പദ്ധതി എത്രത്തോളം പ്രാവർത്തികമാണ് ; വിശദമാക്കുമോ ;

(സി) ശബരി റെയിൽ പദ്ധതി നടപ്പിലാക്കാത്തതിന് കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അങ്കമാലി-ശബരി റെയിൽപാതയുടെ അങ്കമാലി മുതൽ കാലടി വരെയുള്ള പാതയുടെ റെയിലിടൽ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കാലടി സ്റ്റേഷന്റെ പണിയും പെരിയാർ നദിക്കു കുറുകെയുള്ള പാലം പണിയും പുരോഗതിയിലാണ്. 24.40 ഹെക്ടർ സ്ഥലം ഈ റെയിൽപാതക്കു വേണ്ടി കൈമാറിയിട്ടുണ്ട്.

(ബി&സി) 'RITES' നടത്തിയ വിശദമായ പഠനങ്ങൾക്കുശേഷമാണ് കേന്ദ്ര സർക്കാർ അങ്കമാലി-ശബരി റെയിൽ പ്രോജക്ട് അംഗീകരിച്ചത്. എറണാകുളം, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലൂടെ കടന്നുപോകുന്ന പ്രസ്തുത പാതയുടെ എറണാകുളം ജില്ലയിലെ നിർമ്മാണ പ്രവർത്തികളാണ് പുരോഗതിയിലുള്ളത്.

കോട്ടയം ജില്ലയിലെ അലൈൻമെന്റ് സംബന്ധിച്ചാണ് തർക്കമുണ്ടായിരുന്നത്. ആയത് കോട്ടയം ജില്ലാ കളക്ടർ ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് സമർപ്പിക്കപ്പെട്ട പുതുക്കിയ അലൈൻമെന്റ് 11-2-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽകൂടിയ ഉന്നതതലയോഗത്തിൽ ബന്ധപ്പെട്ട ജനപ്രതിനിധികൾ അംഗീകരിക്കുകയുണ്ടായി. ആയത് റെയിൽവേയുടെ പരിഗണനയിലാണ്.

അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണ പ്രവർത്തിയുടെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്ന് റെയിൽവേ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഈ പദ്ധതി തുടർന്നുവരുന്ന ഒന്നായതിനാലും പദ്ധതി പ്രഖ്യാപിച്ച സമയത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാതിരുന്ന ആവശ്യമാണ് ഇതെന്ന വസ്തുത കണക്കിലെടുത്തും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും റെയിൽവേ ഉന്നയിച്ച ആവശ്യം പരിഗണിക്കാൻ കഴിയുകയില്ലെന്ന് റെയിൽവേ ബോർഡിനേയും കേന്ദ്രസർക്കാരിനേയും അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ സംസ്ഥാനത്തിന് അനുകൂലമായി റെയിൽവേ ബോർഡോ കേന്ദ്രസർക്കാരോ പ്രതികരിച്ചിട്ടില്ല.

അങ്കമാലി-ശബരി റെയിൽവേ ലൈൻ പ്രാവർത്തികമാക്കുകയെന്ന സംസ്ഥാനത്തിന്റെ ആവശ്യം പൂർത്തീകരിക്കുന്നതിന് സംസ്ഥാനത്തെ എം.പി.-മാർ മുഖേനയും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരികയാണ്.

2015-16 റെയിൽവേ ബഡ്ജറ്റിൽ 5 കോടി രൂപ മാത്രമാണ് അങ്കമാലി-ശബരി റെയിൽവേ ലൈനിനായി മാറ്റിവച്ചിട്ടുള്ളത്.

റെയിൽ വികസന പദ്ധതികൾ

60(2048) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. എം. ഹംസ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റെയിൽ വികസനത്തിന് അത്യന്താപേക്ഷിതമായ പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ചകൾ കാരണമാവുന്നുണ്ടോ ;

(ബി) റെയിൽ മേഖലയിൽ പദ്ധതികൾ നേടിയെടുക്കുന്നതിനും യഥാസമയം നടപ്പിലാക്കുന്നതിനും മറ്റ് സംസ്ഥാനങ്ങൾ കാണിക്കുന്ന ജാഗ്രത കേരളം കാണിക്കാത്തത് പദ്ധതികൾ പ്രാബല്യത്തിലാവുന്നതിന് വിഘാതമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) റെയിൽ വികസനത്തിനായി പ്രഖ്യാപിക്കുന്ന പദ്ധതികൾ യഥാസമയം പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാനത്തെ സംവിധാനം എത്രത്തോളം പ്രാപ്തമാണ് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) റെയിൽവേ മേഖലയിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിൽ കേരളം സമർപ്പിക്കുന്ന നിർദ്ദേശങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വേണ്ടത്ര പരിഗണന ലഭിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാംതന്നെ നടപ്പിലാക്കേണ്ടത്

LIBRARY ARCHIVES Kerala Legislative Assembly